IV. ശ്രദ്ധ ക്ഷണിക്കൽ

(1) പടിഞ്ഞാറ്റുംമുറി ജി.എൽ.പി.സ്ക്കൂൾ അടച്ചുപൂട്ടിയതു മൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ.കെ.പി.എ.മജീദ്: സർ, മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ പടിഞ്ഞാറ്റുംമുറി ജി.എൽ.പി.സ്ക്കൂളിന്റെ കെട്ടിടം സുരക്ഷിതമല്ലാത്തതു മൂലം പൂട്ടിയിടേണ്ട സ്ഥിതിവിശേഷത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതിലേക്ക് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. 1927 മുതൽ പ്രവർത്തിക്കുന്ന ഒരു സ്ക്കൂളാണിത്. ഇവിടെ 400-ൽ പരം വിദ്യാർത്ഥികളും 11 അദ്ധ്യാപകരും ഉണ്ട്. കഴിഞ്ഞ വിദ്യാഭ്യാസ വർഷവും ഇതേ പ്രശ്നം ഉണ്ടായിരുന്നു. എന്നാൽ താൽക്കാലികമായി ചില സംവിധാനങ്ങൾ ഉണ്ടാക്കിയതുകൊണ്ട് സ്ക്കൂൾ അടയ്ക്കാതെ മുന്നോട്ടുപോയി. എന്നാൽ ഈ വർഷം സ്ക്കൂൾ ആരംഭിക്കാറായപ്പോൾ കെട്ടിടം സുരക്ഷിതമല്ലെന്നു പറഞ്ഞുകൊണ്ട് വിദ്യാലയം അടച്ചിടാനുള്ള ഉത്തരവാണ് ലഭിച്ചിട്ടുള്ളത്. വിദ്യാർത്ഥികളും രക്ഷാകർത്താക്കളും അദ്ധ്യാപകൻമാരും കെട്ടിട സൗകര്യമില്ലാത്തതുകൊണ്ട് ആവശ്യമായ സൗകര്യമുണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിനു മുമ്പിൽ ഇപ്പോൾ സമരം നടത്തിവരികയാണ്. ഫ്ളഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി കെട്ടിടം പണി നടത്താം എന്നുള്ള മറുപടി ലഭിച്ചുവെങ്കിലും ഇതുവരെ കെട്ടിടം ഉണ്ടാക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് സംജാതമായിട്ടുള്ളത്. വിദ്യാഭ്യാസ വകുപ്പിൽനിന്ന് ഡയറക്ടർക്ക് ഒന്നരലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചു. എന്നാൽ ഫണ്ടിന്റെ അഭാവം കാരണം എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കാതിരിക്കുകയും അത് തിരിച്ചയക്കുകയും ചെയ്ത സ്ഥിതിയാണുള്ളത്. കെട്ടിടം സുരക്ഷിതത്വമില്ലാത്തതുകൊണ്ട് ക്ലാസ് നടത്താൻ കഴിയുന്നില്ല. 5.ാം സ്റ്റാന്റേർഡു വരെയുള്ള ഒരു എൽ.പി.സ്ക്കൂളാണിത്. അതിനു സമീപം മറ്റൊരു യു.പി.സ്ക്കൂളിൽ അഞ്ചാം സ്റ്റാന്റേർഡു മുതൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെയുള്ള അഞ്ചാം ക്ലാസ്സുകൂടി അവിടേയ്ക്ക് ഷിഫ്റ്റ് ചെയ്തു കഴിഞ്ഞാൽ കൂടുതൽ സൗകര്യം ഉണ്ടാകും എന്നതു കൂടി ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. സുരക്ഷിതത്വമില്ലായ്മ പരിഹരിക്കുന്നതിന് ഈ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സുരക്ഷിതമായ കെട്ടിടം ഉണ്ടാക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും വിദ്യാർഥികളും മറ്റും നടത്തി വരുന്ന സമരത്തിന് അനുഭാവ പൂർണ്ണമായ നിലപാട് സ്വീകരിക്കുകയും ചെയ്ത് പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ.ടി.എം.ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പടിഞ്ഞാറ്റുംമുറി ലോവർ പ്രൈമറി സ്ക്കൂളിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്ക്കൂൾ തുറന്ന ജൂൺ രണ്ടാം തീയതി മുതൽ തന്നെ അഞ്ചാം സ്റ്റാൻഡേർഡ് പ്രവർത്തിപ്പിക്കുകയും ഇന്നലെ മുതൽ ഒന്നുമുതൽ നാലുവരെയുള്ള ക്ലാസ്സുകളും പ്രവർത്തിപ്പിക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം ശരിയാണ്. ആ വിദ്യാലയത്തിന് സ്വന്തമായ ഒരു കെട്ടിടമില്ല. വാടകകെട്ടിടത്തിൽ നടന്നുവന്ന ഒരു സ്ക്കൂളാണ്. അതിനുശേഷം ഗവൺമെൻറ് ഇത് ഏറ്റെടുത്ത് മറ്റു നടപടികളും സ്വീകരിച്ചിട്ടുണ്ട്. പക്ഷേ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

കുറെ വിദ്യാലയങ്ങൾക്ക് കെട്ടിടമുണ്ടാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതിൽപ്പെടുന്ന ഒരു വിദ്യാലയമാണിത്. അവിടെ ഒരുലക്ഷത്തിനാൽപ്പതിനായിരം രൂപയുടെ എസ്റ്റിമേറ്റ് സ്പെഷ്യൽറിപ്പയറിനുവേണ്ടി എൻജിനീയർ ഫോർവേർഡ് ചെയ്തിരുന്നു. അത് ഗവൺമെൻറിനു കിട്ടിയത് 13-6-1986-ൽ ആണ്. നേരത്തെ ഫ്ളഡ്റിലീഫ് സ്കീമിൽ 300-ലധികം വിദ്യാലയങ്ങൾക്ക് ഈ വർഷം കെട്ടിടങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞു. നമ്മുടെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ഒരു ചുരുങ്ങിയ സമയപരിധിക്കുള്ളിൽനിന്നുകൊണ്ട് ഇത്രയും കൂടുതൽ കെട്ടിടങ്ങൾ തീർക്കുന്നത് ചരിത്രത്തിലാദ്യമായിട്ടാണ്, ആ സ്കീമിൽ ഇത് ഉൾപ്പെടുത്തണമെന്നാണ് ഉദ്ദേശിച്ചത്. പക്ഷേ അതിനുള്ള നടപടികളും സ്വീകരിച്ചപ്പോഴേക്കും ഫണ്ട് തീർന്നു പോയി, അതുകൊണ്ട് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ കെട്ടിടമില്ലാത്ത വിദ്യാലയങ്ങൾക്ക് പ്രത്യേകിച്ച് ഓലമേയുന്ന കെട്ടിടങ്ങൾ—ടെമ്പററി ഷെഡ്ഡുകൾ മുഴുവൻ മാറി പകരം സെമിപെർമനൻറ് ഷെഡ്ഡുകൾ കെട്ടുവാനുള്ള ഒരു പരിപാടി ഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ലക്ഷം രൂപ അദ്ധ്യാപകരക്ഷാകർത്തൃ സമിതിയെ ഏൽപ്പിച്ച് നാലു ക്ലാസ്സുമുറികളുള്ള സെമിപെർമനൻറ് കൺസ്ട്രക്ഷനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ഇതിനുള്ള സ്കൂളിൻെറ ലിസ്റ്റ് ഞങ്ങൾ സെലക്ട് ചെയ്തുകഴിഞ്ഞു. അതിനനുസരിച്ചുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു: അടുത്ത ദിവസങ്ങളിൽതന്നെ 400-ഓളം സ്കൂളുകൾക്ക് അതിനുള്ള അനുമതി കൊടുക്കണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ഒരു സമയ ബന്ധിതപ്രോഗ്രാം എന്ന നിലയിൽ ഓല മേഞ്ഞിട്ടുള്ള എല്ലാഗവൺമെൻറ്, സ്കൂൾ കെട്ടിടങ്ങൾക്കും പകരം സെമിപെർമനൻറ് കെട്ടിടം പേരൻറ്-ടീച്ചേഴ്സ് അസോസിയേഷനെക്കൊണ്ട് ഒരു ലക്ഷം രൂപവീതം കൊടുത്ത് നിർമ്മിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരുലക്ഷത്തിനാൽപ്പതിനായിരം രൂപയുടെ സ്പെഷ്യൽ റിപ്പയറിനുള്ള സാംഗ്ഷൻ കൊടുക്കാനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കണം.

സർ, മറെറാരു കാര്യം അദ്ദേഹം സൂചിപ്പിച്ചത് അഞ്ചാം സ്റ്റാൻഡേർഡ് അടുത്തുള്ള സ്കൂളിലേക്ക് മാറണമെന്നാണ്. അതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ട്. കേരളത്തിൽ നേരത്തെ ചില വിദ്യാലയങ്ങളിൽ പ്രൈമറിക്ലാസിനോടൊപ്പം അഞ്ചാം ക്ലാസ്സുകൂടി പ്രവർത്തിച്ചുവന്നിരുന്നു. ഇങ്ങനെയുള്ള ചുരുക്കം വിദ്യാലയങ്ങളാണ് കേരളത്തിലുള്ളത്. വേണമെങ്കിൽ അഞ്ചാംക്ലാസ്വരെയുള്ളത് ആറും ഏഴും സ്റ്റാൻഡേർഡുകൂടി കൊടുത്ത് അപ്ഗ്രേഡ് ചെയ്തു കൊടുക്കാം. അതിന് ബുദ്ധിമുട്ടില്ല. പക്ഷേ അടുത്തു പ്രവർത്തിക്കുന്ന സ്കൂൾ എന്നു പറയുന്നത് പ്രൈവറ് സ്കൂളാണ്. ഗവൺമെൻറ് സ്കൂളിലെ ഒരു ഡിവിഷൻ മാറി പ്രൈവറ് സ്കൂളിലേക്ക് കൊണ്ടുവരാൻ കഴിയുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകമായിട്ട് പരിശോധിക്കാം. വേണമെങ്കിൽ ആ സ്കൂൾ ഗവൺമെൻറ് സ്കൂൾ എന്ന നിലയിൽ അപ്ഗ്രേഡ് ചെയ്തു തരാം. അടുത്തുള്ള എയിഡഡ് സ്കൂളിലേക്ക് ഇത് മാറാൻ കഴിയുമോ എന്നുള്ളത് ഇപ്പോൾ പറയാൻ കഴിയുകയില്ല. എന്തായാലും ആ കാര്യം പരിശോധിക്കുന്നതാണ്. ഇതിനാവശ്യമായിട്ടുള്ള മറ്റു നടപടികളും സ്വീകരിക്കും. കഴിയുന്നതും വേഗം സുഗമമായ പ്രവർത്തനം നടത്താൻ കഴിയും. നേരത്തെ അദ്ധ്യാപകരക്ഷാകർത്തൃസമിതി പ്രത്യേകം താൽപ്പര്യം

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത് തൽക്കാലം ഒരു കെട്ടിടം നിർമ്മിച്ചുതന്നിട്ടുണ്ട്. അത് വളരെ നല്ല രീതിയിൽ ചെയ്തുതീർക്കാൻ കഴിഞ്ഞതു എന്നാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. എന്താണെങ്കിലും അനന്തരനടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(2) ചതിരൂർ മലയിൽ നിക്ഷിപ്ത വനഭൂമി സഹകാര്യ വ്യക്തികളുടെ പേരിൽ രജിസ്റ്റർ ചെയ്തതു സംബന്ധിച്ച :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ആറളം പഞ്ചായത്തിൽപ്പെട്ട ചതിരൂർ മലയിൽ 200 ഏക്കർ നിക്ഷിപ്ത വനഭൂമി 42 ആളുകളുടെ പേരിൽ ഉളിയിൽ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തുവച്ചിരിക്കുകയാണ്. മേയ് 15-ാം തീയതി മുതൽ 20-ാം തീയതിവരെയുള്ള തീയതികളിലായിട്ടാണ് രജിസ്റ്റർ ചെയ്തത്. നിക്ഷിപ്ത വനഭൂമി നിയമമനുസരിച്ച ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള വനഭൂമിയാണ് ഇങ്ങനെ കുറെ ആളുകളുടെ പേരിൽ എഴുതിവച്ചിട്ടുള്ളത്. കമലാകൃഷ്ണൻനായർ എന്നു പറയുന്ന ഒരാളാണ് ഈ 42 ആളുകളുടെ പേരിലും രജിസ്റ്റർ ചെയ്തുകൊടുത്തിട്ടുള്ളത് എന്നാണ് രേഖ ഉണ്ടാക്കിയിട്ടുള്ളത്. ഈ കേസിലെ ഏറ്റവും പ്രധാനമായിട്ടുള്ള പ്രശ്നം ഉന്നതൻമാരുടെ പേരിലാണ് ഈ ഭൂമി എഴുതിവച്ചിട്ടുള്ളത്. കണ്ണൂർ ഡി.സി.സി. പ്രസിഡൻറ് ശ്രീ. രാമകൃഷ്ണന്റെ ഭാര്യ വിജയലക്ഷ്മിയുടെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. കണ്ണൂർ ഡി.സി.സി. സെക്രട്ടറി പ്രഭാകരന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. പ്രഭാകരന്റെ അമ്മയുടേയും പ്രഭാകരന്റെ സഹോദരൻമാരുടേയും പ്രഭാകരന്റെ സഹോദരീമാരുടേയും പേരിൽ അയ്യഞ്ചു ഏക്കർ ഭൂമിയുണ്ട്. ഡി.സി.സി. പ്രസിഡൻറ് രാമകൃഷ്ണന്റെ അനുജൻ പ്രേമന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. പ്രേമന്റെ ജ്യേഷ്ഠൻ സഹദേവന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. രാമകൃഷ്ണന്റെ അമ്മ നാമത്തുനാരായണിയുടെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. അയ്യംകുന്ന് മണ്ഡലം പ്രസിഡൻറ് ഗോപാലകൃഷ്ണന്റെ പേരിലും അഞ്ചേക്കർ ഭൂമിയുണ്ട്. വാഴമണ്ഡലം കോൺഗ്രസ് പ്രസിഡൻറ് മാമൂട്ടിൽ ജോണിന്റെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. കീഴൂർ രാമശേരി മണ്ഡലം കോൺഗ്രസ് (ഐ) കമ്മിറ്റി പ്രസിഡൻറ് ഇബ്രാഹിമിന്റെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. പേരാവൂർ ബ്ലോക്കിലെ മുൻ കോൺഗ്രസ് (ഐ) പ്രസിഡന്റ് പുതിയേടത്തുഗോപാലൻ നമ്പ്യാരുടെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. ഡി.സി.സി. ഓഫീസ് സെക്രട്ടറി സോമന്റെ പേരിൽ അഞ്ചേക്കർ ഭൂമിയുണ്ട്. ഡി.സി.സി. ഓഫീസിലെ മുൻ സെക്രട്ടറിയും രാമകൃഷ്ണന്റെ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഷോറൂമിലെ മാനേജരുമായ ചന്ദ്രന്റെ പേരിലുമുണ്ട് അഞ്ചേക്കർ ഭൂമി. ഇങ്ങനെ അയ്യഞ്ച് ഏക്കർ ഭൂമി ഓരോ ആളിന്റെ പേരിലും എഴുതിവച്ചിട്ട് ഒരു സെന്റിന് വില കാണിച്ചിരിക്കുന്നത് വെറും രണ്ടര രൂപയാണ്.

(ബഹളം)

ആറളത്ത് ഒരു ഉണക്ക അയില കിട്ടണമെങ്കിൽ മൂന്നു രൂപ കൊടുക്കണം. എന്നാൽ ഒരു സെന്റ് ഭൂമിക്ക് രണ്ടരരൂപവച്ച് ഉളിയിൽ രജിസ്ട്രാർ ഓഫീസിൽ 42 ആളുകളുടെ പേരിൽ രജിസ്റ്റർ ചെയ്തു. ഈ സംഭവത്തെക്കുറിച്ച് ആലിബാബയും 40 കള്ളൻമാരുംകൂടി നടത്തിയ ഒരു തട്ടിപ്പായിട്ടാണ് ആപ്രദേശത്തെ ആളുകൾ കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly